| | | |
|---|---|---|
| 3. പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധി | - | 1,00,000 രൂപ |
| ആകെ | | 11,00,000 രൂപ വീതം |

മരണമടഞ്ഞവരിൽ 12-ാമനായ ശ്രീ. ടിങ്കുദാസ് എന്നയാളുടെ ആശ്രിതർക്ക് ആറുലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്രഖ്യാപിച്ച അഞ്ചുലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടില്ല. ഗുരുതരമായി പരിക്കേറ്റ ശ്രീ. സജീവ്, പുത്തൻ വീട്ടിൽ കിഴക്കതിൽ, പുന്നക്കുളം എന്നയാൾക്ക് 3,25,000 രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുമുണ്ട്. ഇതിനു പുറമേ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 50,000 രൂപയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ഗുരുതരമായി പരിക്കുപറ്റിയ മറ്റ് പതിനാലു പേർക്കും പുറമെ കാണും പ്രകാരം 1,25,000 രൂപ വീതം നഷ്ട പരിഹാരം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും | - | 25,000 രൂപ |
| പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും | - | 50,000 രൂപ |
| ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ | - | 50,000 രൂപ |
| ആകെ | - | 1,25,000 രൂപ |

കൂടാതെ മരണമടഞ്ഞവരുടെ ആശ്രിതരിൽ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കാനായി 34 ലക്ഷം രൂപ വീതം നൽകുവാൻ ഉത്തരവായിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതരിൽ SSLC പാസ്സായവരെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാനായി നിയമിക്കാനായി തീരുമാനിക്കുകയും അപേക്ഷകളും രേഖകളും ലഭ്യമാക്കാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, പോലീസിലും ഫയർഫോഴ്സിലും ജോലിയിലിരുന്ന 24 പേരുടെ ആശ്രിതരുടെ നിയമനം കൂടി ഏകോപിപ്പിച്ച് നടപ്പിലാക്കാൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സിവിൽസപ്ലൈസ് കോർപ്പറേഷനിലെ നിയമനങ്ങൾ**

**62 (2540)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനമാണോ എന്നും, എങ്കിൽ കമ്പനി സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂനിയർ മാനേജർ മുതൽ ഉയർന്ന തസ്തികകളിൽ എത്രപേരെ നേരിട്ട് നിയമിച്ചിട്ടുണ്ട് ; ഏത് നിയമന വ്യവസ്ഥ പ്രകാരമാണ് നേരിട്ട് നിയമനം നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ; എങ്കിൽ സംവരണസമുദായങ്ങളിൽ നിന്നും നടത്തിയ നിയമനങ്ങളുടെ വിശദവിവരം നൽകാമോ ;

(ഡി) വിവിധ മാനേജർ തസ്തികകൾക്കുള്ള നിശ്ചിത യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇപ്പോൾ ആ തസ്തികകളിലുള്ള വർക്കെല്ലാം നിശ്ചിത യോഗ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം കൊല്ലവർഷം 1974 ജൂൺ മാസം 25-ാം തീയതി (25-6-1974) കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ U 52209 KL 1974 SGC 002615 (CIN-U52209 KL 1974 SGC 002615) നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. കമ്പനി സെക്രട്ടറിയായി നിയമിതനായ വ്യക്തി 6-1-2009-ൽ ജോലി വിട്ടുപോയ സാഹചര്യത്തിൽ ആഡിറ്റ് വിഭാഗം മാനേജർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അസിസ്റ്റന്റ് മാനേജർ മുതൽ ഉയർന്ന തസ്തികയിലേക്ക് 07 നിയമനങ്ങൾ നേരിട്ട് നടന്നിട്ടുണ്ട്. സപ്ലൈകോ ജീവനക്കാർക്ക് ബാധകമായിട്ടുള്ള മാനേജീരിയൽ സർവ്വീസ് റൂൾസ് പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്. ജൂനിയർ മാനേജർ തസ്തികയിലെ നിയമനം പി.എസ്.സി. മുഖാന്തിരമാണ്. പി.എസ്.സി. നിയമനം സംവരണതത്വം പാലിച്ചിട്ടാണ് നടത്തുന്നത്.

(ഡി) മാനേജിരിയൽ സർവ്വീസ് റൂൾസ് 2009 പ്രകാരം മാനേജർ തസ്തികയിലേക്ക് രണ്ടു തരത്തിൽ നിയമനം നടത്തിവരുന്നു.

നേരിട്ടുള്ള നിയമനം

യോഗ്യത-ബിരുദാനന്തര ബിരുദം/അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും മാനേജ്മെന്റിലുള്ള ഡിപ്ലോമ/സി.എ/ഐ.സി.ഡബ്ല്യൂ.എ/എ.സി.എസ്./ബി.ടെക് കൂടാതെ യോഗ്യത നേടിയ ശേഷമുള്ള 10 വർഷത്തെ തൊഴിൽ പരിചയവുമാണ്

സ്ഥാനക്കയറ്റം മുഖേന

ഡെപ്യൂട്ടി മാനേജരായി 5 വർഷത്തെ സേവനകാലം പൂർത്തിയാക്കുന്നവരേയും ഇടയ്ക്കുള്ള ഏതെങ്കിലും തസ്തികയിൽ നിശ്ചിതകാലം സേവനം അനുഷ്ഠിച്ചിട്ടില്ല എന്നത് കണക്കാക്കാതെ, മൊത്ത സേവനകാലം കണക്കാക്കിയും ഇന്റർവ്യൂ കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെയും സേവന വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ ബോർഡ് തീരുമാന പ്രകാരം മാനേജരായി സ്ഥാനക്കയറ്റം നൽകിവരുന്നു. മാനേജർ തസ്തികയിൽ സ്ഥിരമായി നിയമിച്ചിരിക്കുന്ന എല്ലാവർക്കും തന്നെ നിശ്ചിത യോഗ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly